"ഭരണഭാഷ- മാതൃഭാഷ"

27 JUL 2019

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ഡോ.ജാസിം. എ.കെ., ജൂനിയർ കൺസൾട്ടന്റ്, ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ - മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അന്യത്ര സേവനം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

**സ.ഉ.(സാധാ) നം.1838/2019/ആ.കു.വ** തീയതി,തിരുവനന്തപുരം, 26/07/2019

---

പരാമർശം:- 1) സ.ഉ.(സാധാ) നം. 1623/2017/ആ.കു.വ. തീയതി 08.06.2017.

2) സ.ഉ.(സാധാ.) നം. 2995/2018/ആ.കു.വ. തീയതി 29.09.2018.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.04.2019-ലെ എ6-31293/2018/ഡി.എച്ച്.എസ്. നമ്പർ കത്ത്.

4) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 10.05.2019-ലെ എൻ.സി/15902/2017/ഡി.എം.ഇ നമ്പർ കത്ത്.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശ കത്തിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകൾ പരിഗണിച്ച്, കൽപ്പറ്റ ജനറൽ ഹോസ്പിറ്റലിലെ ജൂനിയർ കൺസൾട്ടന്റ് ഡോ. ജാസിം.എ.കെ.-യ്ക്ക് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള അന്യത്ര സേവനം, നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം-1, ചട്ടം 140(സി) യിലെ നിബന്ധനകൾക്കും വിധേയമായി 03.07.2019 മുതൽ ഒരു വർഷത്തേയ്ക്കോ, പ്രസ്തുത തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അനുവദിക്കപ്പെട്ട കാലയളവിനുശേഷവും അന്യത്ര സേവന തസ്തികയിൽ തുടരുന്നത് കെ.എസ്സ്.ആർ. ഭാഗം-1, ചട്ടം 140(സി) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ, അന്യത്ര സേവന കാലയളവ് അവസാനിച്ചു കഴിഞ്ഞും

അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. അന്യത്ര സേവനം ദീർഘിപ്പിച്ച് ഉത്തരവാകാത്ത പക്ഷം, അനുവദിക്കപ്പെട്ട അന്യത്ര സേവനകാലം അവസാനിക്കുമ്പോൾ ഡോ. ജാസിം എ.കെ.-യെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ. ജാസിം.എ.കെ., ജൂനിയർ കൺസൾട്ടന്റ്, ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം.)
പ്രിൻസിപ്പൽ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി.
സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ &ഇ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**<u>മേലെഴുത്ത് നം: ഇ.എ6- 31293/18/ആ.വ.ഡ തീയതി 29.07.2019</u>**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**